LIBRARY ARCHIVES Kerala Legislative Assembly

സഹകരണ ബാങ്കിലേയും ജില്ലാ സഹകരണ ബാങ്കുകളിലേയും ജനറൽ മാനേജർ തസ്തികയും നേരിട്ടുള്ള നിയമനം വഴി നികത്തുന്നതിനും ടി തസ്തികകൾക്ക് എം.ബി.എയും /സി.എ.യും സഹകരണ സ്ഥാപനങ്ങളിലെ/ ഷെഡ്യൂൾഡ് ബാങ്കിലെ/സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പബ്ലിക് ലിമിറ്റഡ് കമ്പനി എന്നിവകളിലെ മാനേജീരിയൽ സൂപ്പർവൈസറി കേഡറിൽ 3 വർഷത്തിൽ കുറയാത്ത സേവന ദൈർഘ്യവും നിശ്ചിത യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റും സംസ്ഥാന സഹകരണ യൂണിയനും സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ മാനേജ്മെന്റ് വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനുള്ള ഹ്രസ്വകാല പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രിക്കൾച്ചറൽ ആന്റ് റൂറൽ ഡവലപ്മെന്റ് ബാങ്ക് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിലേയും പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളിലേയും ജീവനക്കാരുടെ മാനേജ്മെന്റ് വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനുള്ള ഹ്രസ്വകാല ട്രെയിനിംഗ് നൽകുന്നു. മാത്രമല്ല സഹകരണസംഘങ്ങളിൽ നിന്നും സംസ്ഥാനത്തിന് പുറത്തുള്ള പരിശീലന കോളേജുകളിൽ/ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ഹ്രസ്വകാല പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിനുപുറമെ ഒരു ജീവനക്കാരന് അടുത്ത തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് ബന്ധപ്പെട്ട പരിശീലന കേന്ദ്രങ്ങളിൽ നിന്നും മൂന്നു വർഷത്തിലൊരിക്കൽ ഒരു ഹ്രസ്വകാല പരിശീലനത്തിലെങ്കിലും നിർബന്ധമായും പങ്കെടുത്തിരിക്കണമെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എം.ബി.എ./എം.സി.എ. ബിരുദവും ജെ.എ.ഐ.ഐ.ബി., സി.എ. ഐ.ഐ.ബി. യോഗ്യതയും ഉള്ള ജില്ലാ സഹകരണ ബാങ്കുകളിലെ ജീവനക്കാർക്ക് പരമാവധി മൂന്ന് അഡ്വാൻസ് ഇൻക്രിമെന്റുകളിൽ കവിയാത്ത ആനുകൂല്യവും ഉത്തരവായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) കമ്പ്യൂട്ടറൈസേഷൻ, മൊബൈൽ ബാങ്കിംഗ്, കോർ ബാങ്കിംഗ് തുടങ്ങിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ കൊടുക്കുന്നതോടൊപ്പം മെച്ചപ്പെട്ട സേവനം കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്ന കാര്യം ആലോചനയിലാണ്.

കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക് ക്ളാർക്ക് നിയമനം

28 (4083) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിലേക്ക് ക്ളാർക്കുമാരെ നിയമിക്കുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും, നിരവധി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതെ കിടക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിലെ ക്ളാർക്ക്/കാഷ്യർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ 6-7-2010-ന് പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മണലൂർ നിയോജകമണ്ഡലത്തിലെ ത്രിവേണി സൂപ്പർ മാർക്കറ്റ്

29 (4084) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജകമണ്ഡലത്തിൽ കൺസ്യൂമർഫെഡിന്റെ ത്രിവേണി സൂപ്പർ മാർക്കറ്റ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സൂപ്പർമാർക്കറ്റ് ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കുമോ ;

(സി) സൂപ്പർ മാർക്കറ്റ് എന്ന് പ്രവർത്തനമാരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മണലൂർ നിയോജകമണ്ഡലത്തിൽ 'വെങ്കിടങ്ങിൽ' സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. രണ്ടു മാസത്തിനുള്ളിൽ സൂപ്പർ മാർക്കറ്റിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കേപ്പ്-ന്റെ കീഴിൽ നിയോജക മണ്ഡലങ്ങളിൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

30 (4085) ശ്രീ. കെ. വി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'കേപ്പിന്റെ' കീഴിൽ ഒരു നിയോജക മണ്ഡലത്തിൽ ഒരു പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുവാൻ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദീകരിക്കുമോ ;

(ബി) പദ്ധതി നടപ്പിലാക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) 'കേപ്'-ന്റെ കീഴിൽ ഒരു നിയോജകമണ്ഡലത്തിൽ ഒരു പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടില്ല. എന്നാൽ സഹകരണ വകുപ്പ് പ്രഖ്യാപിച്ച 'സഹകരണ നവരത്നം കേരളീയം' എന്ന ഒൻപതിന കർമ്മ പരിപാടിയിലെ 'സഹകരണ വിദ്യാഭ്യാസം കേരളീയം' എന്ന

LIBRARY ARCHIVES Kerala Legislative Assembly